# കാതോലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂൾ

# പോത്തുകൽ




## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂൾ പോത്തുകൽ
# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26
# സംഗ്രഹം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ട്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നത്. 43 വർഷം പിന്നിടുന്ന കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂൾ , എസ് എസ് എൽ സി പരീക്ഷയിൽ നേടിയ നൂറു മേനിയുടെ മികവുമായിട്ടാണ് പുതിയ അധ്യയന വർഷത്തിലേക്ക് കാലെടുത്തു വക്കുന്നത് . പുതിയ സ്വപ്നങ്ങളും പ്രതീക്ഷകളും ആസൂത്രണവുമായിട്ടാണ് 2025-26 വർഷത്തേക്കുള്ള അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ സംഗ്രഹം അവതരിപ്പിക്കുന്നത്.

**<u>ലക്ഷ്യങ്ങൾ</u>**

എല്ലാ കുട്ടികളുടെയും അറിവും കഴിവും ശേഷിയും വർദ്ധിപ്പിക്കുന്നതിനും പോസിറ്റീവായ മനോഭാവം വളർത്തിയെടുക്കുന്നതിനും സാമൂഹ്യ ബോധവും ശാസ്ത്ര ബോധവും യുക്തി ചിന്തയും സമത്വ ബോധവും വളർത്തിയെടുക്കുന്നതിനു എല്ലാത്തരം അക്കാദമിക് പ്രവർത്തനവും നടപ്പിലാക്കുന്നതാണ്.

**<u>അടിസ്ഥാന ശേഷി വികസനം</u>**

മലയാളം , ഇംഗ്ലീഷ് , ഹിന്ദി , കണക്കു എന്നീ വിഷയങ്ങളിൽ അടിസ്ഥാന ശേഷി എല്ലാ കുട്ടികളിലും ഉണ്ടാക്കുന്നതിനു അനുയോജ്യമായി വിജയ സ്പർശം പദ്ധതി ജൂൺ മാസം മുതൽ തുടർച്ചയായി നടപ്പിലാക്കും.

അറബിക് ,ഉർദ്ദു ,സംസ്കൃതം തുടങ്ങിയ വിഷയങ്ങൾ പഠിക്കുന്ന വിദ്യാർഥികൾക്ക് ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകും.

**കണക്ക്**

എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷി ഉറപ്പാക്കും. ഗണിത മേളകളിൽ പങ്കാളിത്തം ഉറപ്പാക്കും . ഗണിത ലാബ് ,ഗണിത ലൈബ്രറി ,ഗണിത അസംബ്ലി ,മാത്സ് കോർണർ എന്നിവ രൂപികരിക്കും.

**സാമൂഹ്യ ശാസ്ത്രം**

എല്ലാ കുട്ടികളിലും സാമൂഹ്യ അവബോധവും ചരിത്ര ബോധവും ഉണ്ടാക്കാവുന്ന തരത്തിൽ വിഷയത്തെ ഫലപ്രദമായി ഉപയോഗിക്കും . സ്റ്റുഡന്റ് പാർലമെന്റ് ,ചരിത്ര പ്രധാന മുള്ള സ്ഥലങ്ങളിൽ സന്ദർശനം ,സോഷ്യൽ സയൻസ് ലൈബ്രറി എന്നിവ നടപ്പിലാക്കുന്നതാണ് .

**ശാസ്ത്ര വിഷയങ്ങൾ**

ലാബ് ,പ്രായോഗികമായ പരിശീലനങ്ങൾ എന്നിവയിലൂടെ ശാസ്ത്ര വിഷയങ്ങളെ ലളിതമാക്കാനും ആസ്വദിച്ചു പഠിക്കുന്നതിനും സാഹചര്യമുണ്ടാക്കും. ശാസ്ത്ര ശില്പ ശാലകൾ സംഘടിപ്പിക്കുന്ന താണ്. കുട്ടികൾ ഉണ്ടാക്കുന്ന വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകും. പുത്തൻ സാങ്കേതിക വിദ്യകളെ വിഷയവുമായി ബന്ധിപ്പിച്ചു പഠന പ്രവർത്തനങ്ങൾ ലളിതമാക്കും .

**കായിക മേഖല**

നിലവിലുള്ള ഫുട്ബോൾ അക്കാദമി ,സോഫ്റ്റ് ബോൾ ,ബേസ് ബോൾ ,ഖോഖോ , വോളിബാൾ ,തൈക്കോണ്ട ,കരാട്ടെ എന്നിവയുടെ പരിശീലനം കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തി കാര്യക്ഷമമാക്കും . ദേശീയ ,അന്തർദേശിയ മത്സരങ്ങളിൽ എത്താവുന്ന തരത്തിൽ വീണ്ടും കുട്ടികളെ പ്രാപ്തരാക്കും .

ഈ വർഷം ബോക്സിങ് അക്കാദമി ആർച്ചറി (അമ്പെയ്ത് ) എന്നിവയിൽ പരിശീലനം ആരംഭിക്കും .

മുഴുവൻ കുട്ടികൾക്കും കായികക്ഷമത കൈവരിക്കുന്നതിന്, അത്ലറ്റിക്സ് ,ഗെയിംസ് എന്നിവയിൽ പരിശീലനം നൽകും .

## പ്രവർത്തി പരിചയ മേള

പ്രവൃത്തി പരിചയ ക്ലബ് രൂപീകരിക്കും. ശില്പ ശാല ,വരുമാന ദായക പ്രവർത്തികൾ ,സംരംഭകത്വ പരിശീലനം എന്നിവ നൽകും. തയ്യൽ പരിശീലനം ആരംഭിക്കുന്നതാണ് . മേളകൾക്ക് സംസ്ഥാനതല നേട്ടത്തിനായി കുട്ടികൾക്ക് പരിശീലനം നൽകും .

## സ്കൗട്ട് , ഗൈഡ്സ് , JRC

ഗൈഡ്സിനു പുതുതായി മൂന്നു യൂണിറ്റുകൾ ആരംഭിക്കും , എട്ടാം ക്ലാസിലെ 48 കുട്ടികളെ കൂടി പുതുതായി ഉൾപെടുത്താൻ കഴിയും. സ്കൗട്ട് ,JRC എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

## NCC

ആർമി യൂണിറ്റിനായി അപേക്ഷ നൽകിയിട്ടുണ്ട്. ആയത് അംഗീകരിക്കുന്ന പക്ഷം 50 കുട്ടികളെ ഉൾപ്പെടുത്തി യൂണിറ്റ് ആരംഭിക്കും.

NCC നേവൽ യൂണിറ്റിന് അപേക്ഷ നൽകുന്നതാണ്.

## SPC ( സ്റ്റുഡന്റ് പോലീസ് കേഡറ്റ് )

അപേക്ഷ നൽകിയിട്ടുണ്ട് . അംഗീകാരം ലഭിക്കുന്ന പക്ഷം യൂണിറ്റ് ആരംഭിക്കും.

## ലിറ്റിൽ കൈറ്റ്സ്

പുതിയ സാങ്കേതിക വിദ്യ ,AI എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകും.

## സ്മാർട്ട് ക്ലാസ് റൂം

എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് റൂമായി മാറ്റിയെടുക്കുന്നതാണ്.

## വിദ്യാരംഗം , ലൈബ്രറി

വിദ്യാരംഗം പരിപാടികൾ കല , സാഹിത്യ അഭിരുചി വളർത്തുന്നതിനായി കൂടുതൽ കാര്യ ക്ഷമമാക്കും

സ്കൂൾ ലൈബ്രറി, ക്ലാസ് റൂം ലൈബ്രറി എന്നിവ കാര്യക്ഷമമാക്കി വായന എഴുത്ത് എന്നിവയെ പ്രോത്സാഹിപ്പിക്കും.

**ഉച്ച ഭക്ഷണം**

എട്ടാം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികൾക്കും , രുചികരവും ഗുണമേന്മയുള്ളതുമായ ഭക്ഷണം നൽകും. കുടിവെള്ളം ഉറപ്പുവരുത്തുന്നതിനു ടാപ്പുകൾ സ്ഥാപിക്കും.

**ലഹരി വിമുക്ത ക്യാംപസ്**

തുടർച്ചയായി ലഹരിക്കെതിരെ ഉള്ള പോരാട്ടവും അവലോകനവും നൽകുന്നതാണ്.

**ഗ്രീൻ പ്രോട്ടോകോൾ**

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും ഹരിത ചട്ടം പാലിച്ചു കൊണ്ടായിരിക്കും നടപ്പിലാക്കുന്നത്,

സ്കൂളിൽ പെൺകുട്ടികൾക്കുള്ള ശൗചാലയം പുതിയത് നിർമിച്ചിട്ടുണ്ട്. ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയിൽ മാതൃകാപരമായ പ്രവർത്തനം നടത്തും.

സന്തോഷകരവും അച്ചടക്കവും അറിവിന്റെ പുതിയ വാതായനങ്ങൾ തുറക്കുന്ന തരത്തിലേക്ക് ഈ അധ്യയന വർഷം മികവിന്റേതാക്കി മാറ്റുന്നതിനുള്ള അക്കാഡമിക് മാസ്റ്റർ പ്ലാനിന്റെ സംസ്കിശ്പ്തം ഇവിടെ ചുരുക്കുന്നു .

എല്ലാവർക്കും നന്ദി...........

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | കാത്തലി ക്കേറ്റ് ഹയർ സെക്കൻഡറി സ്കൂൾ പോത്തുകൽ |
| വിലാസം | ഭൂദാനം കോളനി പി ഓ നിലമ്പൂർ മലപ്പുറം ജില്ല |
| ഫോൺ നമ്പർ | 049314028 |
| സ്കൂൾ കോഡ് | 48043 |
| വിദ്യാഭ്യാസ ഉപജില്ല | നിലമ്പൂർ |
| വിദ്യാഭ്യാസ ജില്ല | വണ്ടൂര് |
| റവന്യൂ ജില്ല | മലപ്പുറം |
| ബി ആർ സി | നിലമ്പൂർ |
| സി ആർ സി | പോത്തുകൽ |
| ഗ്രാമപഞ്ചായത്ത് | പോത്തുകൽ |
| ബ്ലോക്ക് പഞ്ചായത്ത് | നിലമ്പൂർ |
| ജില്ലാ പഞ്ചായത്ത് | മലപ്പുറം |
| നിയമസഭാ മണ്ഡലം | നിലമ്പൂർ |
| ലോകസഭ മണ്ഡലം | വയനാട് |
| താലൂക്ക് | നിലമ്പൂർ |
| വില്ലേജ് | പോത്തുകൽ |
| ഇമെയിൽ | catholicatehsspothukal@gmail.com |

# മലയാളം

## ആമുഖം

ഓരോ ക്ലാസുകളിലും കുട്ടികൾ വികസിക്കേണ്ട ഭാഷാശേഷികൾ കൈവരിക്കാതിരുന്നാൽ അത് പഠനത്തെ പ്രതികൂലമായി ബാധിക്കും ദൈനംദിന വ്യവഹാരത്തിനും സർഗാത്മക വ്യവഹാരത്തിനുമുള്ള മാധ്യമം എന്ന നിലയിലും പഠനമാധ്യമം എന്ന നിലയിലും മാതൃഭാഷയുമായി ബന്ധപ്പെട്ട വിവിധ ശേഷികൾ പ്രാധാന്യമർഹിക്കുന്നു

പ്രസ്തുത വിഷയം എസ് ആർ ജി യോഗം ചർച്ചയിൽ നിന്ന് വ്യക്തമായ പ്രശ്നങ്ങൾ താഴെ രേഖപ്പെടുത്തുന്നു

1. മുൻ ക്ലാസിൽ ആർജിക്കേണ്ട ശേഷികൾ എല്ലാ കുട്ടികളും നേടിയിട്ടില്ല.
2. വായന പ്രവർത്തനങ്ങളുടെ കുറവുണ്ട്
3. വായന സാമഗ്രികളുടെ അഭാവം
4. സമയപരിമിതി.
5. വിവിധ പഠന നിലവാരത്തിലുള്ള കുട്ടികളെ പരിഗണിക്കേണ്ടി വരുമ്പോഴുള്ള പ്രായോഗിക പ്രശ്നങ്ങൾ
6. നിരന്തര വിലയിരുത്തലിനുള്ള പ്രക്രിയകൾ ആസൂത്രണത്തിൽ ഇല്ല.
7. ക്ലാസ് ലൈബ്രറികൾ ഫലപ്രദമല്ല.
8. ആത്മവിശ്വാസക്കുറവ്.
9. വായിച്ച് ആശയം ഗ്രഹിക്കാനും ഗ്രഹിച്ച ആശയങ്ങൾ സന്ദർഭം അനുസരിച്ച് പ്രകടിപ്പിക്കാനും കഴിയുന്നില്ല.
10. രക്ഷിതാക്കൾ കുട്ടികളുടെ നിലവാരം തിരിച്ചറിയുന്നില്ല
11. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.
12. ഐസിടി സംവിധാനം നിലവിലില്ലാത്തത് .

# മേഖല : ഹൈസ്കൂൾ

## MALAYALAM 2025-26

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതലകൾ |
|---|---|---|---|---|---|
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് അക്ഷരങ്ങൾ ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ,വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ നിർമ്മിക്കുക വാക്യങ്ങൾ നിർമ്മിക്കുക, ചിത്രം- അടിക്കുറിപ്പ്. ചിത്രം നോക്കി കഥയെഴുതൽ, കഥ പൂർത്തിയാക്കൽ കഥാപുസ്തകം നൽകൽ പിന്നോക്കാവസ്ഥയിൽ പ്രത്യേക ക്ലാസ്സ് പ്രാദേശിക നിഘണ്ടു | ജൂൺ മുതൽ ഓഗസ്റ്റ് വരെ | പുസ്തകങ്ങൾ ചിത്രങ്ങൾ | പിടിഎ അധ്യാപകർ |

.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതലകൾ |
|---|---|---|---|---|---|
| | കുട്ടിയെ മെച്ചപ്പെട്ട വായനക്കാരനും ആസ്വാദകനുമാക്കി മാറ്റി തീർക്കുക | ക്ലാസ് ലൈബ്രറി സജ്ജീകരിക്കുക, ലൈബ്രറി കൗൺസിൽ, വായനക്കൂട്ടം രൂപീകരിക്കുക, വായനോത്സവം,പത്രവായന, പുസ്തക ചർച്ച,വായനാനുഭവം, വായനക്കുറിപ്പ് പതിപ്പ് ആസ്വാദനക്കുറിപ്പ് വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ഇ -വായന | ആറുമാസം | ക്ലാസ് ലൈബ്രറി ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ് | പിടിഎ അധ്യാപകർ, |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതലകൾ |
|---|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും സർഗാത്മക പ്രവർത്തനത്തിനുള്ള അവസരം ഒരുക്കും | എഴുത്തുകൂട്ടം രൂപീകരിക്കുക,പുസ്തക ചർച്ച വായനക്കുറിപ്പ് പതിപ്പ് കഥാപതിപ്പ്,കവിത പതിപ്പ് നാടൻപാട്ട് ശേഖരണം പഴഞ്ചൊല്ലുകളുടെ ശേഖരണം യാത്ര വിവരണങ്ങൾ വ്യക്തിഗത രചന സംഘ രചന പത്രപാരായണം വായനാനുഭവം പങ്കുവെക്കൽ ക്ലാസ് അസംബ്ലി സർഗ്ഗ വേള. | ജൂൺ മുതൽ ഫെബ്രുവരി വരെ | ലൈബ്രറി പുസ്തകങ്ങൾ, ആനുകാലികങ്ങൾ | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## അറബിക് 2025-26

### ആമുഖം

മാനവ വികാസത്തിന് ഭാഷകൾക്ക് വലിയ സ്വാധീനമുണ്ട്. ഐക്യ രാഷ്ട്ര സഭ അംഗീകരിച്ച ലോക ഭാഷകളിലൊന്ന് അറബി. അറബി ഭാഷയും കേരളവും തമ്മിൽ നൂറ്റാണ്ടുകളുടെ ചരിത്ര ബന്ധമാണുള്ളത്. അറബി രാഷ്ട്ര ഭാഷ അല്ലാത്ത നാടുകളിൽ ആ ഭാഷയും സംസ്കാരവും ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയതും പ്രചാരം നേടിയതും കേരളത്തിലാണ്. അത് കൊണ്ട് തന്നെ അറബി ഭാഷ സാഹിത്യ രംഗത്തും തൊഴിൽ രംഗത്തും അനന്ത അവസരങ്ങളും സാധ്യതകളുമാണ് നമുക്കുള്ളത്. ഈ സാധ്യതകളെ ഉപയോഗപ്പെടുത്താനും വിപുലീകരിക്കാനുമുള്ള പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- അറബി ഭാഷയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കുക.
- കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക.
- വായനയുടെ ലോകത്തേക്ക് കൈ പിടിച്ചുയർത്തി വായനാശീലം വളർത്തുക.
- അറബിയിൽ എഴുതുവാനും വായിക്കാനും ഉള്ള കഴിവ് വികസിപ്പിക്കുക.
- ദിനാചരണത്തെക്കുറിച്ചു അവബോധം ഉണ്ടാക്കുക.

**<u>പരിമിതികൾ</u>**

- അറബിയിൽ ആശയ വിനിമയം ചെയ്യാനുള്ള ശേഷിക്കുറവ്
- ലാംഗ്വേജ് ലാബിന്റെ അഭാവം.
- അറബിക് ലൈബ്രറിയുടെ അഭാവം.
- അറബി ഭാഷ കേൾക്കാനുള്ള അവസരം കിട്ടുന്നില്ല.

**<u>ഹ്യസ്വകാല പ്രവർത്തങ്ങൾ</u>**

- വായന കോർണർ.
- ക്ളാസ് കയ്യെഴുത്തു മാഗസിനുകൾ.
- മാസാന്ത ക്വിസ് കാർണിവൽ.
- ദിനാചരണങ്ങൾ.
- അറബി ആസ്വാദനം.

**<u>വായന കോർണർ</u>**

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | : വായന കോർണർ |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 3. മേഖല | ഭൗതികം |
| 4. ലക്ഷ്യങ്ങൾ | വായനാ സൗകര്യങ്ങൾ ലഭ്യമാക്കുക. |
| 5. പ്രവർത്തന രീതി. | സ്കൂളിലെ സൗകര്യാപ്രദമായ സ്ഥലത്ത് വായനക്കുള്ള വിഭവങ്ങൾ സജ്ജീകരിക്കുന്നു. |
| 6. കാലയളവ് | 4 മാസം. |
| 7. ചുമതല | അറബിക് ക്ലബ് |
| 8. സാമ്പത്തിക സ്രോതസ്സ് | PTA , Arabic Club. |

# ക്ലാസ് കയ്യെഴുത്തു മാസികകൾ

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | ക്ലാസ്കയ്യെഴുത്തു മാസികകൾ |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 3. മേഖല | അക്കാദമികം |
| 4. ലക്ഷ്യങ്ങൾ | • ക്ളാസ് കയ്യെഴുത്തു മാഗസിനുകൾ നിർമ്മിക്കുന്നു.<br>• ഓരോ ക്ളാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ളാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. |
| 5. പ്രവർത്തന രീതി. | കുട്ടികളിൽ നിന്നും എഡിറ്റോറിയൽ ബോർഡ് ഉണ്ടാക്കി സൃഷ്ടികൾ ശേഖരിക്കുന്നു. |
| 6. കാലയളവ് | 6 മാസം. |
| 7. ചുമതല | അറബി ടീച്ചർ |
| 8. സാമ്പത്തിക സ്രോതസ്സ് | CPTA |

# അറബി ആസ്വാദനം

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | അറബി ആസ്വാദനം |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 3. മേഖല | അക്കാദമികം |
| 4. ലക്ഷ്യങ്ങൾ | അറബി ഭാഷ കേൾക്കാനും അറിയാനും സൗകര്യമൊരുക്കുന്നു |
| 5. പ്രവർത്തന രീതി. | ഐ ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ , കവിത , അനിമേഷൻ , ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. |
| 6. കാലയളവ് | 4 മാസത്തിൽ ഒന്ന് |
| 7. ചുമതല | അറബിക് അധ്യാപകർ |
| 8. സാമ്പത്തിക സ്രോതസ്സ് | PTA |

## ദീർഘ കാല പ്രവർത്തനങ്ങൾ

- അറബിക് ലൈബ്രറി ശാക്തീകരണം.
- സ്കൂൾ മാഗസിൻ.
- പ്രതിഭകളെ കണ്ടെത്തൽ.
- അറബിക് ലാംഗ്വേജ് ലാബ്.
- അറബിക് ഫെസ്റ്റ്.

# <u>അറബിക് ലൈബ്രറി ശാക്തീകരണം</u>

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | അറബിക് ലൈബ്രറി ശാക്തീകരണം |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 3. മേഖല | ഭൗതികം |
| 4. ലക്ഷ്യങ്ങൾ | അറബിക് ലൈബ്രറി ശാക്തീകരണം. |
| 5. പ്രവർത്തന രീതി. | അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ , കവിതകൾ , ചിത്ര കഥകൾ........ |
| 6. കാലയളവ് | 6 മാസം |
| 7. ചുമതല | അറബിക് അധ്യാപകർ |
| 8. സാമ്പത്തിക സ്രോതസ്സ് | സ്പോൺസർഷിപ് |

## <u>അറബിക് ലാംഗേജ് ലാബ്.</u>

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | അറബിക് ലാംഗേജ് ലാബ്. |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 3. മേഖല | അക്കാദമികം |
| 4. ലക്ഷ്യങ്ങൾ | തനതായ അറബി ഭാഷ കേൾക്കാൻ. |
| 5. പ്രവർത്തന രീതി. | തനതായ അറബി ഭാഷ കേൾക്കാനും ,അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക. |
| 6. കാലയളവ് | ഡിസംബർ |
| 7. ചുമതല | അറബിക് അധ്യാപകർ , അറബിക് ക്ലബ് |
| 8. സാമ്പത്തിക സ്രോതസ്സ് | PTA |

<u>അറബിക് ഫെസ്റ്റ്</u>

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | അറബിക് ഫെസ്റ്റ് |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 3. മേഖല | അക്കാദമികം |
| 4. ലക്ഷ്യങ്ങൾ | അറബി ഭാഷയെക്കുറിച്ചു കൂടുതലറിയാൻ. |
| 5. പ്രവർത്തന രീതി. | അറബി ഭാഷയെ ക്കുറിച്ചു കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു , പോസ്റ്റർ പ്രദർശനം , ഫിലിം പ്രദർശനം , ഫിലിം പ്രദർശനം ബുക്ക് ഫെയർ എന്നിവ സംഘടിപ്പിക്കുന്നു. |
| 6. കാലയളവ് | ഡിസംബർ - ജനുവരി |
| 7. ചുമതല | അറബിക് അധ്യാപകർ , അറബിക് ക്ലബ് |
| 8. സാമ്പത്തിക സ്രോതസ്സ് | PTA, സ്പോൺസർഷിപ് |

# പ്രതിഭകളെ കണ്ടെത്തൽ

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | പ്രതിഭകളെ കണ്ടെത്തൽ |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 3. മേഖല | അക്കാദമികം |
| 4. ലക്ഷ്യങ്ങൾ | പ്രതിഭകളെ കണ്ടെത്തൽ. |
| 5. പ്രവർത്തന രീതി. | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ സംഘടിപ്പിക്കുക. |
| 6. കാലയളവ് | ഡിസംബർ - ജനുവരി |
| 7. ചുമതല | അറബിക് അധ്യാപകർ , അറബിക് ക്ലബ് |
| 8. സാമ്പത്തിക സ്രോതസ്സ് | PTA |

.

.

# മാസാന്തര ക്വിസ്സ് കാർണിവൽ

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | മാസാന്തര ക്വിസ്സ് കാർണിവൽ |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 3. മേഖല | അക്കാദമികം |
| 4. ലക്ഷ്യങ്ങൾ | അറബിയിൽ അറിവ് നേടുക. വായനയും അന്വേഷണവും പ്രോത്സാഹിപ്പിക്കുക. |
| 5. പ്രവർത്തന രീതി. | ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസ്സ് ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു . അതിൽ നിന്നും ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. |
| 6. കാലയളവ് | ജൂൺ മുതൽ എല്ലാ മാസവും. |
| 7. ചുമതല | അറബിക് അധ്യാപകർ |
| 8. സാമ്പത്തിക സ്രോതസ്സ് | PTA |

# <u>ദിനാചരണങ്ങൾ</u>

| | |
|---|---|
| 1. പ്രവർത്തനത്തിന്റെ പേര് | ദിനാചരണങ്ങൾ |
| 2. പ്രവർത്തന സ്ഥലം | സ്കൂൾ |
| 9. മേഖല | അക്കാദമികം |
| 10. ലക്ഷ്യങ്ങൾ | ദിനാചരങ്ങളെക്കുറിച്ചു അവബോധം |
| 11. പ്രവർത്തന രീതി. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു .<br>അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു.<br>മത്സരങ്ങൾ സംഘടിപ്പിക്കുന്നു . |
| 12. കാലയളവ് | പ്രധാന ദിനങ്ങളിൽ |
| 13. ചുമതല | അറബിക് ക്ലബ് |
| 14. സാമ്പത്തിക സ്രോതസ്സ് | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# CHSS POTHUKAL

# വിഷയം : ഉർദു

## ആമുഖം

**ഇന്ത്യയിൽ ജനിച്ച് ലോകത്തോളം വളർന്ന് നമ്മുടെ രാജ്യത്തിന് അഭിമാനമായ ഭാഷകളിൽ ഒന്നാണ് ഉർദു.** ഇൻന്തോ ആര്യൻ ഭാഷാ ഗോത്രത്തിലെ പ്രധാന ഭാഷകളിലൊന്നും, അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന സംഗീതസുന്ദര ഭാഷയായ ഉർദ്ദു ഗസലുകളുടേയും ഖവാലികളുടേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും അന്തർ ധാരയുമാണ്. സാംസ്കാരിക സമന്വയത്തിന്റേയും മാനവ സാഹോദര്യത്തിന്റേയും മുദ്രാവാക്യം ഉയർ ത്തിപ്പിടിക്കുന്ന ഭാഷയായാണ് ഉർദ്ദു അറിയപ്പെടുന്നത്.

**പൊതു ലക്ഷ്യങ്ങൾ**

➢ **ഉർദ്ദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.**

➢ **ഉർദ്ദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും പത്താം തര ക്ലാസ് കഴിയുമ്പോഴേക്കും ഉർദ്ദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.**

➢ **സ്കൂൾ വിട്ട് പുറത്ത് വരുന്ന മുഴുവൻ ഉർദ്ദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിത സന്ദർ ഭങ്ങളുമായി ബന്ധപ്പെട്ട് ഉർദ്ദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.**

➢ **ഉർദ്ദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർ ത്തെടുക്കുക**

➢ **വിവിധ കലാ പരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക**

➢ **എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക**

➢ **പത്താം തരത്തിലെ ഉർദ്ദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എസ്.എസ്.എൽ സി പരീക്ഷയിൽ എ പ്ലസ് ഗ്രേഡ് ലഭിക്കും വിധം ഉയർന്ന നിലവാരത്തിലെത്തിക്കുക**

➢ **ഉർദ്ദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വഴളർത്തിയെടുക്കുക.**

➢ **കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുക.**

➢ **വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.**

| Sl.No | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 | പ്രവേശനോത്സവം<br>നവാഗതരെ സ്വീകരിക്കുന്നതിനായി ഉർദു പോസ്റ്റർ | ജൂൺ .2 | ഉർദു സബ് ജക്ട് കൗൺസിൽ | 1000 | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 2 | മീഠി ഉർദു | ജൂൺ - സെപ്റ്റംബർ | ഉർദു സബ് ജക്ട് കൗൺസിൽ | 500 | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 3 | പരിസ്ഥിതി ദിനം<br>ഉർദുപോസ്റ്റർ രചന | ജൂൺ .5 | ഉർദു സബ് ജക്ട് കൗൺസിൽ | | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 4 | ബേസിക് ടെസ്റ്റ്<br>കുട്ടികളുടെ അടിസ്ഥാന ശേഷി കണ്ടെത്തി ആവശ്യമായ പിന്തുണാസംവിധാനം ഉറപ്പാക്കുക | ജൂൺ | ഉർദു സബ് ജക്ട് കൗൺസിൽ<br>ഉർദു ക്ലബ് | 500 | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 5 | ഒരുദിനം ഒരു വാക്ക് | | | | |
| 6 | വായനാദിനം<br>വായനാമത്സരം<br>വായന കാർഡ് | | | | |
| 7 | പഠന പ്രവർത്തനങ്ങൾ<br>دسویں جماعت: اردو شاعروں کے ایک شمارہ تیار کرنا۔<br>نویں جماعت: ملیالم میں استعمال کرنے اردو الفاظ جمع کر کے منصوبے عمل کے ذریعے ایک رپورٹ تیار کرنا۔<br>آٹھویں جماعت: شاعروں کے بارے میں معلومات حاصل کر کے ایک شمارہ تیار کرنا۔ | | | | |
| 8 | മേരി ആവാസ് സുനോ ഉർദു മ്യൂസിക് ക്ലബ് ഉദ്ഘാടനം<br>ഉർദു ക്ലബ് ഉദ്ഘാടനം | ജൂലൈ | ഉർദു സബ് ജക്ട് കൗൺസിൽ<br>ഉർദു ക്ലബ് | 1000 | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| 9 | സ്വാതന്ത്ര്യദിനം<br>قومی گیتوں کا مقابلہ | ആഗസ്റ്റ് 15 | ഉർദു സബ്ജക്ട് കൗൺസിൽ<br>ഉർദു ക്ലബ് | 1000 | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 10 | പാദവാർഷിക മൂല്യനിർണ്ണയം<br>അവലോകനം | സെപ്റ്റംബര് | ഉർദു സബ്ജക്ട് കൗൺസിൽ | ....... | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 11 | പഠന പ്രവർത്തനങ്ങൾ<br>دسوین جماعت: کسانوں کے مسائل پر سمنار۔<br>نوین جماعت: کھیتی کی اہمیت پر سمنار<br>آٹھوین جماعت: صفائی کے بارے میں سمنار | സെപ്റ്റംബർ<br>&ഒക്ടോബർ | ഉർദു സബ്ജക്ട് കൗൺസിൽ | | |
| 12 | ലോക ഉർദു ദിനം<br>ക്വിസ് | നവംബർ 9 | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 13 | അർദ്ധവാർഷിക മൂല്യനിർണ്ണയം<br>അവലോകനം | ഡിസംബർ | | | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 14 | പുതുവത്സരാഘോഷം<br>ആശംസാകാർഡ് നിർമ്മാണം | ജനുവരി 1 | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 15 | ദേശീയ ഉർദു ദിനം<br>ഉർദു ക്യാമ്പ് | ഫെബ്രുവരി 15 | ഉർദു സബ്ജക്ട് കൗൺസിൽ | 5000 | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |
| 16 | വാർഷിക മൂല്യനിർണ്ണയം | മാർച്ച് | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം.<br>സബ്ജക്ട് കൗൺസിൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ HS 2025- 26

## സംസ്കൃതം

മേഖല-അക്കാദമികം

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ |
|---|---|---|---|
| എല്ലാ കുട്ടികളെയും ഭാഷാപഠനതൽപരരാക്കുന്നു<br><br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരിലുള്ള സാധ്യതകൾക്കനുസരിച്ചുള്ള പഠനപ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോകൾ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ്തലപ്രവർത്തനങ്ങൾ | രചന ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം നടത്തുന്നു | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുന്നു | പ്രശ്നോത്തരി, മാഗസിൻ , കഥ, കവിത, ഉപന്യാസം എന്നിവക്കുള്ള പരിശീലനം | | |
| സംസ്കൃത ദിനാചരണം, സ്കൂൾ തല മത്സരങ്ങൾ | ഔപചാരിക ക്ലബ് രൂപീകരണം, സംസ്കൃത സന്ദേശം | | |

| | | | |
|---|---|---|---|
| സബ്ജില്ലാ ജില്ലാ തലത്തിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | സംസ്കൃത പ്രാർത്ഥന, വന്ദേ മാതരം, ഗാനാലാപനം | | |
| ഭാഷാപഠനം, കലാപരിചയം | കലോത്സവത്തിനായി കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു . ഭാഷാപ്രാധാന്യം കണക്കിലെടുത്ത് കഥ, സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജമാക്കുന്നു | | ചിത്രങ്ങൾ, വീഡിയോകൾ |
| സംഭാഷണ ശിബിരം | പരീക്ഷാ സംബന്ധമായി കുട്ടികളുടെ ഭാഷാപ്രമേയസാമർഥ്യം മെച്ചപ്പെടുത്തുന്നതിന് | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥലസന്ദർശനം | | |
| മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | രാമായണ പ്രശ്നോത്തരി, സംസ്കൃത പ്രശ്നോത്തരി, സംസ്കൃത സ്കോളർഷിപ് പരീക്ഷാ എന്നിവക്കുള്ള പരിശീലനം പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് | | |

| | | | |
|---|---|---|---|
| | പ്രീ മോഡൽ, മോഡൽ എസ്.എസ്.എൽ. സി പരീക്ഷാ പരിശീലനം | | |

# ENGLISH

## 2025 -26

| S # | Objectives | Activities | Duration | Duty In Charge | Finance |
|---|---|---|---|---|---|
| 1 | Developing learning and speaking skill | • Self Introduction<br>• Conversation<br>• Debate<br>• Skit<br>• Vocabulary games<br>• Recitation<br>• Role Play<br>• Group Discussion<br>• Class Assembly | 03 Months | English Teachers | PTA |
| 02 | Developing Reading Skill | • Formation of class wise reading groups.<br>• Newspaper reading conversations.<br>• Reads diary<br>• Class Library<br>• Reading Corner.<br>• Donation of books to school library.<br>• Formation of words and sentences.<br>• Formation of English Club. | 03 months | English Teachers | PTA<br>English Club |
| 03 | Developing writing Skill | Simple creating writing tasks like.<br>Descriptives<br>Paragraph<br>Thought<br>Notice<br>Short Stories and simple poetry.<br>Dictation.<br>Class Magazine<br>Essay writing | 03 months | English Teachers<br><br>English Club | PTA |
| 04 | Remedial Measures for backward students | Pre Test<br>Word Cards<br>Picture reading<br>ICT Oriented activities<br>Distribution of simple story books.<br>Vocabulary games | Throughout the year | English teachers | PTA<br>English Club |

## ഹിന്ദി

## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊ ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

# സാമൂഹ്യ ശാസ്ത്രം

(2025-26)

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പ്രവർത്തന ഏജൻസി |
|---|---|---|---|---|---|
| 01 | സാമൂഹികം പഠന ക്യാമ്പ് | സമൂഹത്തിലെ വൈവിധ്യമാർന്ന ജന വിഭാഗങ്ങളുമായി ഇടപെഴകാനും സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടാനുള്ള പദ്ധതി. | സ്കൂൾ തല ക്യാമ്പ്<br>ജന പ്രതിനിധികൾ , വയോജനങ്ങൾ , പ്രധാന വ്യക്തിത്വങ്ങൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്യാമ്പ് , അഭിമുഖം , സർവേ പ്രവർത്തനം , ഫീൽഡ് പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ഇടപെഡിനുള്ള അവസരം ലഭിക്കുന്നു. | 2025-26 | SS ക്ലബ്, PTA, MPTA , പൂർവ വിദ്യാർത്ഥി സംഘം |
| 02 | പ്രാദേശിക വിഭവ ,ഭൂപട നിർമ്മാണം/ മാച്ചിങ് | | പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ വിഭവ ശേഖരണം നടത്തുന്നു. സർവേ ,ഭൂപട നിർമ്മാണം , മാപ്പിങ് പരിചയ പ്പെടുത്താൽ , അത്‌ലറ്റിക്സ് പരിശീലനം നൽകൽ, | 1 വർഷം | വിദഗ്ധർ , അധ്യാപകർ PTA, MPTA , SS ക്ലബ് അംഗങ്ങൾ |

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പ്രവർത്തന ഏജൻസി |
|---|---|---|---|---|---|
| 03 | നാടറിയാൻ ചരിത്ര പ്രദര്ശന ക്യാമ്പ് , ചരിത്ര രചന | സ്വന്തം നാടിനെ ക്കുറിച്ചു അറിയാൻ | സാമൂഹ്യ -ശാസ്ത്ര ക്ലാസ് സന്നദ്ധ സംഘടനകൾ , സെമിനാർ, ചരിത്ര രചന , പ്രദർശനം. | 2025-26 | പി ടി എ, കുട്ടികൾ SS ക്ലബ് |
| 04 | ബാല പാർലമെന്റ് | ജനാധിപത്യ രീതികൾ മനസ്സിലാക്കുന്നതിന്. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് സമ്മേളനം. | 2025-26 | SS ക്ലബ് |
| 05 | പഠനോപകരണ നിർമ്മാണ ശില്പ ശാല | പഠന പ്രവർത്തങ്ങൾക്കനുയോജ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണം , പഠനം രസകരമാക്കൽ. | വിദഗ്ധരായ റിസോഴ്സ് ടീമിന്റെ സഹായത്താൽ സ്കൂൾ തലത്തിൽ പഠനോപകരണ ശിൽപ്പ ശാല സംഘടിപ്പിച്ചു പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | 2025-26 | പൂർവ വിദ്യാർഥികൾ |
| 06 | കളിക്കൂട്ടം. ഐ ടി , സാമൂഹിക ശാസ്ത്ര ക്ലബ് | സാമൂഹിക ശാസ്ത്ര പരമായ വിവരങ്ങൾ ടെക്നോളോജിയിലൂടെ | ഐ ടി അധ്യാപകന്റെയും ,വിദഗ്ദ്ദരുടെയും സഹായത്തോടെ പാഠ ഭാഗങ്ങൾക്കാവശ്യമായ സി ഡി കൾ തയ്യാറാക്കി പഠനം. | 2025-26 | PTA , കുട്ടികൾ |

************************

# PHYSICS

(2025-26)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 01 | അത്ഭുത കണ്ണിലൂടെ കൗതുകം ജിജ്ഞാസ ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | • ലഘു പരീക്ഷണങ്ങൾ ചെയ്യുവാൻ കുട്ടികൾക്കു അവസരം നൽകുന്നു.<br>• കുട്ടികളെക്കൊണ്ട് മോഡലുകൾ നിർമിപ്പിക്കുന്നു.<br>• പാഠങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണ വസ്തുക്കളുടെ പ്രദർശനം.<br>• ക്ലാസ്സുകളിൽ ലഘു പ്രൊജക്റ്റ് കൊടുത്തു മെച്ചപ്പെട്ടത് സ്കൂൾ പൊതു വേദിയിൽ അവതരിപ്പിക്കുന്നു. | ഊർജ്ജതന്ത്രം അധ്യാപകർ | അക്കാദമിക വർഷം | PTA<br>സയൻസ് അധ്യാപകർ |
| 02 | ശാസ്ത്ര ലാബ് നവീകരണം | • 8.9.10 ഊർജ്ജതന്ത്രം പാഠഭാഗത്തെ പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പരീക്ഷണ സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു.<br>• നിലവിലെ ലാബ് അപ്ഡേറ്റ് ചെയ്യുന്നു.<br>• പരീക്ഷണങ്ങൾ തിരഞ്ഞെടുത്ത ക്ലാസ് അടിസ്ഥാനത്തിൽ ചെയ്യുന്നു. | ഊർജ്ജതന്ത്രം അധ്യാപകർ | അക്കാദമിക വർഷം | PTA.<br>മാനേജ്മന്റ് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 03 | ശാസ്ത്ര സാഹിത്യം | • നിലവിലുള്ള ശാസ്ത്ര പുസ്തകങ്ങളും മാസികകളും ലൈബ്രറി യിൽ നിന്നും ലിസ്റ്റ് ചെയ്യുന്നു<br>• ലിസ്റ്റിന്റെ പകർപ്പ് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു<br>• | ഊർജ്ജതന്ത്രം അധ്യാപകർ | അക്കാദമിക വര്ഷം | PTA.<br>മാനേജ്മന്റ് |

# CHEMISTRY

(2025-26)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 01 | അത്ഭുത കണ്ണിലൂടെ കൗതുകം ജിജ്ഞാസ ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുൻപിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമിപ്പിക്കുന്നു. | സയൻസ് അധ്യാപകർ | അക്കാദമിക വര്ഷം | PTA |
| 02 | ശാസ്ത്ര ലോകത്തേക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദര്ശിപ്പിക്കുവാൻ അവസരം നൽകുന്നു.<br><br>ശാസ്ത്ര ശില്പ ശാലകൾ സംഘടിപ്പിക്കുന്നു. | സയൻസ് അധ്യാപകർ | അക്കാദമിക വര്ഷം (ഒരു തവണ) | സയൻസ് ക്ലബ്,<br>PTA.<br>മാനേജ്മന്റ് |
| 03 | ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ളാസ്സുകളിൽ ശാസ്ത്ര ലൈബ്രറി ,ശാസ്ത്ര മാസിക പ്രസിദ്ധീകരണം ,സയൻസ് ലാബ് ,ഐ ടി ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു . | സയൻസ് അധ്യാപകർ | അക്കാദമിക വര്ഷം | PTA.<br>മാനേജ്മന്റ് |

# BIOLOGY

(2025-26)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 01 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | • കണ്ടറിയാനൊരു യാത്ര<br>• വംശ നാശം നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ,ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം ,കാവുകൾ സന്ദർശനം<br>• പുഴയെ അറിയാൻ യാത്രകൾ<br><br>• പരീക്ഷണ കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ളാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു . | ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>സയൻസ് ക്ലബ് | ജൂലൈ<br><br>ജൂൺ മുതൽ | രക്ഷിതാക്കൾ<br><br>സയൻസ് ക്ലബ് |
| 02 | ഹരിത ക്യാംപസ്സിലൂടെ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | ഔഷധ സസ്യങ്ങളും പച്ചക്കറി വിത്തുകളും ശേഖരിച്ചു വിദ്യാലയ വളപ്പിൽ നട്ടുപിടിപ്പിക്കൽ മണ്ണൊരുക്കാൻ ,വിള സംരക്ഷണം വളമിടീൽ തുടങ്ങിയ ഓരോ ഘടകങ്ങളെയും ശാസ്ത്രീയമായി വിശകലനത്തിലൂടെ മുന്നോട്ട് നയിക്കൽ. | സയൻസ് ക്ലബ് | 1 Year | 2000/- |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 03 | ജൈവ വൈവിധ്യ പാർക്ക് | വിവിധ വൃക്ഷതൈകൾ നടീൽ സംരക്ഷണം. | സയൻസ് ക്ലബ് | അക്കാദമിക വര്ഷം | 2000/ |
| 04 | ശാസ്ത്ര മേളകളിൽ പങ്കാളിത്തം ഉറപ്പാക്കുക. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്കു പരമാവധി പ്രോത്സാഹനവും സഹായവും നൽകുക. | സയൻസ് ക്ലബ് | September – November | |
| 05 | കൗമാര കാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്. | സ്കൂൾ, കൗൺസിലിങ് കമ്മിറ്റി ,ജീവ ശാസ്ത്ര അധ്യാപകരും സംയോജിച്ചു കൊണ്ടുള്ള ബോധവൽക്കരണം. | ജീവ ശാസ്ത്ര അധ്യാപകർ | June to November | |
| 06 | ഗ്രീൻ ക്യാമ്പസ് | ജൈവ അജൈവ മാലിന്യങ്ങൾ തരാം തിരിച്ചു നിക്ഷേപിക്കാൻ ആവശ്യമായ ബോക്സ് സ്ഥാപിക്കുന്നു. ഹരിത കർമ്മ സേനക്ക് നൽകുന്നു ജൈവ കമ്പോസ്റ്റ് നിർമ്മാണം. | ജീവ ശാസ്ത്ര അധ്യാപകർ | June to December | |

# MATHEMATICS

(2025-26)

## ആമുഖം

മൂർത്തവും അമൂർത്തവുമായ ആശയങ്ങളുടെ ആകെത്തുകയാണ് ഗണിതം. അതിനാൽ തന്നെ പ്രീ ടെസ്റ്റിൽ വിജയിച്ചവരുടെ എണ്ണം ആണ് പല വിദ്യാർത്ഥികളും ചതുഷ്ക്രിയകളിൽ തന്നെ പരാജയപ്പെട്ടു അത് കൊണ്ട് തന്നെ ലക്ഷ്യങ്ങൾ പ്രാരംഭ ഘട്ടത്തിൽ നിന്ന് തന്നെ ആരംഭിക്കേണ്ടതുണ്ട് .

<u>**വെല്ലുവിളികൾ**</u>

- അടിസ്ഥാന ആശയങ്ങളിൽ ഉള്ള ധാരണക്കുറവ്.
- ഗണിതം ബുദ്ധിമുട്ടാണെന്നുള്ള മുൻവിധി.
- പഠിക്കുന്ന ആശയങ്ങൾ നിത്യ ജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല.
- ഗണിത ആശയങ്ങളെ പ്രായോഗികമായി ഉപയോഗിക്കാനുള്ള അവസരക്കുറവ് .
- സ്വയം പഠനം , സഹപഠനം, സംഘ പഠനം എന്നിവയിൽ താല്പര്യമില്ല .

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 01 | ഗണിത പഠനം ആസ്വാദ്യവും ശാസ്ത്രീയവുമാക്കുന്നത്തിലൂടെ എല്ലാ കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തവും പഠന നേട്ടവും ഉറപ്പാക്കുക. | • ബേസ് ലൈൻ ടെസ്റ്റ്<br>• വർക്ക് ഷീറ്റ് നിർമ്മാണം<br>• പഠനോപകരണ നിർമ്മാണം<br>• ഐ സി ടി സാധ്യത ഉപയോഗപ്പെടുത്തൽ.<br>• ഗണിതം നിത്യ ജീവിതത്തിൽ , കുസൃതി കണക്കുകൾ ശേഖരണം | ഗണിതാധ്യാപകൻ | ജൂൺ | PTA |
| 02 | വിദ്യാർഥികൾക്ക് ഗണിത പഠന ത്തിൽ കൂടുതൽ അറിവുണ്ടാകുന്നതിന്. | • ഗണിത ബുള്ളറ്റിൻ ബോർഡ്<br>• പസ്സിൽ കോർണർ<br>• ഗണിത ലൈബ്രറി<br>• ഗണിത ക്ലബ്<br>• ഗണിതത്തിലെ നാട്ടറിവുകൾ ശേഖരണം . | ക്ലബ്ബിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകൻ | ആഗസ്ത് | PTA |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 03 | പാഠ്യേതര വിഷയങ്ങളിൽ ഗണിതത്തിന്റെ പ്രാവീണ്യം തെളിയിക്കുന്നതിന്. | • സ്കൂൾ ഗണിത മേള<br>• ഗണിത വിദഗ്ദരുടെ ക്ളാസ്സുകൾ<br>• സബ്ജക്ട് കൗൺസിൽ<br>• ഗണിത പൂക്കളം<br>• വർക്ക് ഷോപ്പുകൾ | ക്ളബ്ബിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകൻ | സെപ്റ്റംബർ | PTA |
| 04 | ഗണിതത്തിൽ കുതുകികളായ കുട്ടികളെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നു. | • ഗണിത ക്യാമ്പ്<br>• ഗണിത പതിപ്പ്<br>• ഗണിത ക്വിസ്സ്<br>• ഗണിത ക്ളാസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ , മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ<br>• പഠന യാത്ര | ക്ളബ്ബിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകൻ | | |
| 05 | എസ് എസ് എൽ സി യുടെ ഉന്നത വിജയത്തിനായി വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്നു. | • ചോദ്യ ബാങ്ക്<br>• പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്<br>• വിജയ ഭേരി | ഗണിതാധ്യാപകൻ | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 06 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ. | പി ടി എ സംഘടിപ്പിച്ചു ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | | PTA |

# ART EDUCATION

(2025-26)

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനം | | കാലയളവ് | |
|---|---|---|---|---|---|
| 01 | മുഴുവൻ കുട്ടികളെയും പഠനാനുഭങ്ങളുടെ ഭാഗമാക്കൽ | ദിനാചരണങ്ങളിൽ ചിത്ര രചന പോസ്റ്റർ രചന മത്സരങ്ങൾ നടത്തുന്നു | | ജൂൺ മുതൽ മാർച്ച് | വരയ്ക്കാൻ ആവശ്യമായ സാധനങ്ങൾ |
| 02 | ആർട്സ് ക്ലബ് രൂപീകരണം | സംഗീതം നൃത്തം ചിത്ര രചന ,നാടകം , സിനിമ എന്നിവയിൽ അഭിരുചിയുള്ള കുട്ടികളെ ഉൾപ്പെടുത്തികൊണ്ടുള്ള ക്ലബ് രൂപീകരരണം. | | ജൂൺ മുതൽ മാർച്ച് | ചിത്ര രചനയിൽ മികച്ച കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി ക്കൊണ്ട് വർണ്ണ വരക്കൂട്ടം എന്ന ടീം സംഘടിപ്പിക്കുന്നു. |
| 03 | പ്രശസ്ത ചിത്ര കാരന്മാരുടെ ( ഡാവിഞ്ചി ,രാജ രവി വർമ്മ ) ചിത്ര പ്രദര്ശനം നടത്തുന്നു. | വിദ്യാർത്ഥികളുടെ ചിത്രങ്ങൾ പ്രദര്ശനം നടത്തുന്നു | | ജൂൺ മുതൽ മാർച്ച് | വരയ്ക്കാൻ ആവശ്യമായ സാധനങ്ങൾ. |
| 04 | നാടൻ വാദ്യോപകരണത്തോടു കൂടിയുള്ള നാടൻ പാട്ടു അവതരണം | സംഗീത ഉപകരണങ്ങളുടെ ചിത്ര പ്രദര്ശനം നടത്തുന്നു. | | ജൂൺ മുതൽ മാർച്ച് | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | കാലയളവ് | ഭൗതികം |
|---|---|---|---|---|---|
| 05 | ശാസ്ത്ര നൃത്തങ്ങൾ, നാടോടി നൃത്തങ്ങൾ എന്നിവയെ പ്പറ്റി ആഴത്തിൽ അറിയാൻ ശില്പശാല സംഘടിപ്പിക്കുന്നു. | പാഠഭാഗങ്ങളിലെ കവിതകൾക്ക് നൃത്ത ആവിഷ്കാരം നടത്തുന്നു. | | ജൂൺ മുതൽ മാർച്ച് | |
| 06 | പാഠപുസ്തകത്തിലെ കഥകൾ നാടക രൂപത്തിൽ ആക്കുന്നു . | • അഭിനയ സാധ്യതകൾ അറിയുന്നതിന് വേണ്ടി നാടക കളരി സംഘടിപ്പിക്കുന്നു.<br>• കഥകൾ കൊടുത്തു കൊണ്ടുള്ള തിരക്കഥ നിർമ്മാണം. | | ജൂൺ മുതൽ മാർച്ച് | |
| 07 | സിനിമ , നാടകം | പാഠപുസ്തകത്തിലെ കഥകൾ നാടക രൂപത്തിൽ ആക്കുന്നു. | | ജൂൺ മുതൽ മാർച്ച് | |

# Work Integrated Education

വൈകാരികവും വൈഞ്ജാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നത് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭാസം അനിവാര്യമാണ് .

ഓരോ പ്രവർത്തി പഠന ക്ലസ്സിന്റെയും അടിത്തറ മാനവശേഷി വികാസമാണ് എല്ലാ പൗരന്മാരുടെയും ശേഷികളും കഴിവുകളും രാഷ്ട്രനിർമ്മാണതിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് മാനവശേഷി വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താകളക്കി പുതിയ തലമുറകളെ വാർത്തെടുക്കുന്നതും പ്രവർത്തി പഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളാണ് .

## <u>പൊതുലക്ഷ്യങ്ങൾ</u>

- തൊഴിൽ സന്നദ്ധത
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- സന്തുലിത വ്യക്തിത്വവികസനം
- കലാപരമായ കഴിവുകൾ നേടുക
- വരക്കാനും അളക്കാനും മുറിക്കാനും മൊക്കെയുള്ള അറിവുകൾ നേടുന്നു
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു .

| ലക്ഷ്യങ്ങൾ | |
|---|---|
| കൃഷിയെകുറിച്ച് കൂടുതൽ അറിയുന്നു | ചെടിനടുന്നു വെള്ളവും വളവും നൽകി പരിചരിക്കുന്നു |
| പ്ലംമിങ് നെ അടുത്തറിയുന്നു | വെള്ളമൊഴുകുന്ന വഴി വിവിധ ഉപകരണങ്ങളുടെ സഹായത്താൽ അറിയുന്നു |

| | |
|---|---|
| പാർപ്പിട പ്ലാനുകൾ കണ്ടറിയാൻ സാധിക്കുന്നു | Plan Lay out വരച്ചു പഠിക്കുന്നു അതിനാവശ്യവസ്തുക്കൾ അറിയുന്നു . |
| വസ്ത്രങ്ങളെ അറിയാം | Fabric Painting അലങ്കാരത്തുന്നലുകൾ എന്നിവ ചെയ്തു പഠിക്കുന്നു |
| ഇലകട്രിക്കൽ സാധനങ്ങൾ അറയുന്നു | ഇലകട്രിക്കൽ ഉപകരണങ്ങൾ പരിചയപ്പെടുന്നു |
| കരകൗശല വസ്തുകൾ നിർമ്മണം | വേസ്റ്റ് മെറ്റീരിയൽ നിന്നും പ്രകൃതി ദത്ത വസ്തുകളും ഉപയോഗിച്ച് കരകൗശല വസ്തു നിർമ്മാണം |
| എഴുത്തനവശ്യമായ പുസ്തക നിർമ്മാണം | A4 പേപ്പർ ഉപയോഗിച്ച് പുസ്തക നിർമ്മാണം ചെയ്തു പഠിപ്പിക്കുന്നു |
| അലങ്കാരവസ്തുക്കൾ നർമ്മിക്കാൻ പഠിപ്പിക്കുന്നു | വാൾ ഹങ്ങിഗ് പൂക്കൾ ഇവ നിർമ്മിക്കുന്നു |

.

.

# PHYSICAL EDUCATION

(2025-26)

**ആമുഖം**

കുട്ടികളിലെ കായിക അഭിരുചി വളർത്തുന്നതിനും കുട്ടികളുടെ സമഗ്രമായ വളർച്ചയും ലക്ഷ്യമാക്കുന്നു. ശരിയായ ആരോഗ്യ പഠനം എല്ലാ കുട്ടികളിലും ആരോഗ്യത്തെക്കുറിച്ചും അതിൽ പങ്കെടുക്കുന്നതിനെ ക്കുറിച്ചും സഹാനുഭൂതി വളർത്തിഎടുക്കുന്നതിനും നേതൃ ഗുണം വളർത്തുന്നതിനും തോൽവിയെ അംഗീകരിക്കുന്നതിനും വിജയത്തിൽ അമിതാവേശം കാണിക്കാതിരിക്കാനും എല്ലാവര്ക്കും ആരോഗ്യം എന്ന ആശയത്തെ യാഥാർത്ഥമാക്കുകയും ചെയ്യുന്നു .

| ക്രമ നമ്പർ | മാസം | പ്രവർത്തനങ്ങൾ |
| --- | --- | --- |
| 01 | ജൂൺ - ജൂലൈ | • വിവിധ കായിക ഇനങ്ങളിൽ പുതിയ കുട്ടികളെ കണ്ടെത്തുന്നു.<br>• കഴിഞ്ഞ വർഷങ്ങളിൽ മികച്ച വിജയം കൈവരിച്ചവർക്ക് പരിശീലനം ആരംഭിക്കുന്നു.<br>• മഴക്കാല രോഗങ്ങളെ ക്കുറിച്ചു അവയുടെ പ്രതിരോധത്തെ ക്കുറിച്ചും അറിവ് നൽകുന്നു. |

| ക്രമ നമ്പർ | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 02 | ഓഗസ്റ്റ്-<br>സെപ്റ്റംബർ | വിവിധ കായിക ഇനത്തിന് ടീം തിരിച്ചു പരിശീലനം നൽകണം.<br>• ഖോ ഖോ<br>• ഫുട്ബോൾ<br>• ബേസ് ബോൾ<br>• സോഫ്റ്റ് ബോൾ<br>• വോളി ബോൾ<br>• അത്ലറ്റിക്സ് |
| 03 | ഒക്ടോബർ -<br>നവംബർ | • സബ് ജില്ലാ ,ജില്ലാ മത്സരങ്ങളുടെ പരിശീലനം.<br>• എഴുത്തു പരീക്ഷ തയ്യാറാക്കൽ.<br>• സ്കൂൾ സ്പോർട്സ്.<br>• മൂന്നാം പാഠഭാഗത്തിന്റെ പൂർത്തീകരണം. |
| 04 | ഡിസംബർ-<br>ജനുവരി | • സംസ്ഥാന തല മത്സരങ്ങളുടെ പരിശീലനം<br>• ദേശീയ തലത്തിലുള്ള മത്സരങ്ങൾ |
| 05 | ഫെബ്രുവരി | വാർഷിക പരീക്ഷയുടെ തയ്യാറെടുക്കൽ |